വിദ്യാർത്ഥികളെ ഉത്തരവാദപ്പെട്ട പ്രകൃതി പരിപാലകരാകാൻ പ്രാപ്തരാക്കുക, പ്രകൃതിയെ തിരിച്ചറിയുന്നതിനും പ്രകൃതിയോട് ഇഷ്ടം തോന്നുന്നതിനും, ബഹുമാനിക്കുന്നതിനും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും ആവാസ വ്യവസ്ഥകൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

(സി) വിദ്യാഭ്യാസ വകുപ്പിന്റേയും പരിസ്ഥിതി സംഘടനകളുടേയും സഹകരണത്തോടെയാണ് വനം വകുപ്പ് ഇക്കോ കേഡറ്റ് കോർ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിലാണ് ടി പദ്ധതി പ്രാഥമികമായി നടപ്പിലാക്കുന്നത്. തെരഞ്ഞെടുത്ത ഓരോ ജില്ലയിലേയും 10 സ്കൂളുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓരോ സ്കൂളുകളിൽനിന്നും 20 വിദ്യാർത്ഥികൾ എന്ന ക്രമത്തിൽ ഒരു ജില്ലയിൽനിന്നും 200 വിദ്യാർത്ഥികളെ വീതം ഇപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ഇത്തരത്തിൽ 5 ജില്ലകളിലായി 50 സ്കൂളുകളിൽനിന്നും ആകെ 1000 വിദ്യാർത്ഥികളെ ഇക്കോ കേഡറ്റ് കോർപ്സിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇക്കോ കേഡറ്റ് കോർപ്സുമായി ബന്ധപ്പെട്ടുള്ള മറ്റ് നടപടികൾ തുടർന്നുവരുന്നു.

മറയൂർ ചന്ദനമോഷണ കേസ്സുകൾ

270(3092) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മറയൂരിൽ ഉണ്ടായ ചന്ദന മോഷണങ്ങളെക്കുറിച്ചുള്ള കേസ്സുകളെക്കുറിച്ച് വർഷം തിരിച്ച് വ്യക്തമാക്കുമോ ; ഈ കേസ്സുകളിൽ പൂർണ്ണമായി പ്രതികളെ കണ്ടെത്തിയ കേസ്സുകളും ഭാഗികമായി പ്രതികളെ കണ്ടെത്തിയ കേസ്സുകളും ഒരു പ്രതിയേയും കിട്ടാത്ത കേസ്സുകളും എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മറയൂരിലെ ചന്ദന മോഷണ കേസ്സുകളിൽ റിസർവ് വനത്തിലെ കേസ്സുകളും, സ്വകാര്യ ഭൂമിയിലെ കേസ്സുകളും എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മറയൂരിലെ ചന്ദന മോഷണങ്ങൾ വർദ്ധിച്ചത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

ക്രമ നമ്പർ	വർഷം	എണ്ണം	പൂർണ്ണമായി പ്രതികളെ കണ്ടെത്തിയ കേസ്സുകൾ	ഭാഗികമായി പ്രതികളെ കണ്ടെത്തിയ കേസ്സുകൾ	ഒരു പ്രതിയേയും കിട്ടാത്ത കേസ്സുകൾ
1	2010	61	33	22	6
2	2011	33	13	15	5
3	2012	30	18	7	5
4	2013	8	4	2	2
5	2014	25	7	14	4
6	2015	10	1	4	5
	ആകെ	167	76	64	27

(ബി) സ്വകാര്യ ഭൂമിയിലെ ചന്ദനം മോഷണം പോകുന്നതിന് ഈ ഡിവിഷനിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നില്ല.

കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മറയൂരിലെ ചന്ദനമോഷണ കേസ്സുകളിൽ റിസർവ് വനത്തിലെ കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	വർഷം	റിസർവ്
1	2010	61
2	2011	33
3	2012	30
4	2013	8
5	2014	25
6	2015	10
	ആകെ	167

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കാലയളവിൽ മറയൂരിലെ ചന്ദന മോഷണങ്ങൾ വർദ്ധിച്ചിട്ടില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു : മറയൂർ ഡിവിഷനിൽ കുറ്റകൃത്യങ്ങൾ നടന്നിട്ടില്ല എന്ന് പരിശോധന നടത്തി ദിവസവും റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ട്. ഇത് കൂടാതെ വനം വിജിലൻസ് വിഭാഗവും സാന്റൽ മോണിറ്ററിംഗ് സെല്ലും മറയൂരിൽ ചന്ദന റിസർവ്വിലെ മോഷണങ്ങൾ യഥാസമയം വിലയിരുത്തുന്നുണ്ട്. സ്വകാര്യ ഭൂമിയിൽ നിന്നും മുറിച്ച ചന്ദനമരങ്ങൾ, കുറ്റികൾ എന്നിവ മോഷണം പോകുമ്പോൾ റിസർവ്വിൽനിന്നും നഷ്ടപ്പെട്ട ചന്ദനമാണ് ഇവയെന്നും മാധ്യമങ്ങളിൽ വാർത്ത തെറ്റിദ്ധരിച്ച് വരുന്നുണ്ട്. മറയൂർ ഡിവിഷന്റെ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള മോഷണമാണ് 2013 മുതൽ നാളിതുവരെ നടന്നിട്ടുള്ളത്. നിലവിൽ ചന്ദന സംരക്ഷണത്തിനായി ഡിപ്പാർട്ടുമെന്റ് നടത്തിവരുന്ന അതീവ ജാഗ്രത യോടെയുള്ള രാത്രികാല സംരക്ഷണ പ്രവർത്തനങ്ങൾ, പട്രോളിംഗ്, വാഹന പരിശോധന, രഹസ്യവിവരം ശേഖരിക്കൽ, ഡോഗ് സ്ക്വാഡിന്റെ സേവനം, അന്തർ സംസ്ഥാന വനംവകുപ്പ് ഉദ്യോഗസ്ഥരുമായുള്ള സഹകരണം തുടങ്ങി എല്ലാ സംവിധാനങ്ങളും ഫലപ്രദമായി നടന്നുവരുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്.

2005 മുതൽ നാളിതുവരെയുള്ള ചന്ദനമോഷണ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	വർഷം	കുറ്റകൃത്യങ്ങളുടെ എണ്ണം	മുറിച്ച ചന്ദനമരങ്ങളുടെ എണ്ണം
1	2005	480	2796
2	2006	77	109
3	2007	56	61
4	2008	47	51
5	2009	49	56
6	2010	61	68
7	2011	33	37
8	2012	30	51
9	2013	8	9
10	2014	25	31
11	2015	10	13

LIBRARY ARCHIVES Kerala Legislative Assembly